# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ബി.പി.എഡ് (2015 അഡ്മിഷൻ) സ്കീം & - റഗുലേഷൻ അനോമലി - നാലാം സെമസ്റ്ററിന്റെ ക്രഡിറ്റ് 28 - ൽ നിന്നും 24 - ആക്കുന്നത് - ബോർഡ് ഓഫ് സ്റ്റഡീസ് ചെയർ പേഴ്സന്റെ - ശുപാർശകൾ - അംഗീകരിച്ച് ഉത്തരവാകുന്നു.

---

**അക്കാദമിക് എ XII വിഭാഗം**

സ.ഉ. നം.6238/എ XII /2/ 2017/ അക്കാദമിക് തീയതി, പി.ഡി. ഹിൽസ്, 24.10.2017

---

പരാമർശം : 22/09/2017 -ാം തീയതി ചെയർ പേഴ്സൺ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ഫിസിക്കൽ എജുക്കേഷൻ (യു.ജി) സമർപ്പിച്ച ശുപാർശ.

## ഉത്തരവ്

ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ(ബി.പി.എഡ്) പ്രോഗ്രാമിന്റെ നാലാം സെമസ്റ്ററിലെ ആകെ ക്രഡിറ്റ് 28 ആണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ടി സെമസ്റ്ററിൽ ആകെ 6 പെപ്പറുകൾ മാത്രമാണുള്ളത്. ഓരോ പേപ്പറിനും 4 ക്രഡിറ്റ് വീതം ആകെ ക്രഡിറ്റ് 24 ആണ് വരേണ്ടിയിരുന്നത്. ഇക്കാര്യം പരിശോധിച്ച വൈസ് ചാൻസലർ സമയബന്ധിതമായി പരീക്ഷാ ഫലങ്ങൾ പ്രസിദ്ധീകരിക്കേണ്ടതിനാൽ സ്കീമിലെ ടി പിശകുകൾ തിരുത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ചെയർപേഴ്സൺ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ (യു.ജി) യുടെ അഭിപ്രായം തേടുന്നതിന് ഉത്തരവിട്ടു. അതനുസരിച്ച് മുകളിൽ പരാമർശിച്ച പേപ്പർ പ്രകാരം ബോർഡ് ഓഫ് സ്റ്റഡീസ് ചെയർ പേഴ്സന്റെ താഴെപ്പറയും വിധമുള്ള അഭിപ്രായം ലഭിച്ചു.

'എം.ജി.യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള നാല് സെമസ്റ്റർ ബി.പി.എഡ് പ്രോഗ്രാമിന്റെ (2015 അഡ്മിഷൻ) ഒന്നു മുതൽ മൂന്നു വരെയുള്ള സെമസ്റ്ററുകളിൽ, ഓരോ സെമസ്റ്ററിലും ഏഴ് പേപ്പർ വീതമാണുള്ളത്. ആയതിന്റെ ക്രഡിറ്റ് 28 ആണ്. എന്നാൽ നാലാം സെമസ്റ്ററിൽ 6 പേപ്പർ മാത്രമാണുള്ളത്. ആയതിന്റെ ക്രഡിറ്റ് 24 ആണ്. എന്നാൽ യൂണിവേഴ്സിറ്റി സ്കീം ആന്റ് റെഗുലേഷനിൽ നാലാം സെമസ്റ്ററിൽ 6 പേപ്പറും 28 ക്രഡിറ്റുമാണ് വന്നിരിക്കുന്നത്. ഇത് ഒരു ക്ലറിക്കൽ മിസ്റ്റേക്ക് സംഭവിച്ചതാണ്. ആറ് വിഷയങ്ങൾക്ക് 24 ക്രഡിറ്റ് മാത്രമാണുള്ളത്. ടി വിഷയത്തിൽ എത്രയും വേഗം തീരുമാനമെടുത്ത് ബി.പി.എഡ് റിസൾട്ട് പബ്ലിഷ് ചെയ്യണമെന്ന് അഭിപ്രായപ്പെടുന്നു'.

ടി വിഷയം വിശദമായി പരിശോധിച്ച വൈസ് ചാൻസലർ 1985 - ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം അദ്ധ്യായം (3) വകുപ്പ് 10(17) പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന പ്രത്യേക അധികാരം ഉപയോഗിച്ച് ടി ശുപാർശ അംഗീകരിച്ചു.

ബി.പി.എഡ് (2015 അഡ്മിഷൻ മുതൽ) പ്രോഗ്രാമിന്റെ സ്കീം & റെഗുലേഷനിലെ നാലാം സെമസ്റ്ററിലെ ആകെ ക്രഡിറ്റ് മേൽ വിവരിച്ച വ്യവസ്ഥകൾ പ്രകാരം ഇതിനാൽ ഭാഗികമായി ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ദിലീപ് കുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ III(അക്കാദമിക്)

രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. പി.എസ്സ്. റ്റു വി.സി/പി.വി.സി.
2. പി.എ. റ്റു രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ
3. ചെയർ പേഴ്സൺ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ഫിസിക്കൽ ഇഡ്യൂക്കേഷൻ
4. ജെ.ആർ / ഡി.ആർ /എ.ആർ(അക്കാദമിക്/പരീക്ഷ)
5. എ.സി.സി വിഭാഗം
6. ഇ.ഐ 14/CETEX
7. കണ്ടന്റ് മാനേജ്മെന്റ്/പി.ആർ.ഒ സെക്ഷനുകൾ.
8. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം.ഇ.ഐ XIV/3/ബി.പി.എഡ്/2017.